(ഇ) പാവറട്ടി ശുദ്ധജലവിതരണ പദ്ധതി ഔപചാരികമായി കമ്മീഷൻ ചെയ്തില്ലെങ്കിലും 1-1-2001 മുതൽ ടാപ്പുകളിൽ കൂടി ശുദ്ധജലവിതരണം നടത്തി വരുന്നുണ്ട്.

(എഫ്) തെക്കുംകര ശുദ്ധജല വിതരണ പദ്ധതിക്ക് ആവശ്യമായ വെള്ളം വാഴാനി ഡാമിൽ നിന്നും എടുക്കുന്നതിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. കൂടാതെ, ആവശ്യമായ പൈപ്പുകളും ലഭ്യമായാൽ 2 വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. കടങ്ങോട് ശുദ്ധജലവിതരണ പദ്ധതിക്ക് 150 കിലോമീറ്റർ പൈപ്പുകൾ ലഭിക്കേണ്ടതുണ്ട്. പൈപ്പുകൾ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ പണികളെല്ലാം പൂർത്തീകരിച്ച് 1-1-2001 മുതൽ ടാപ്പുകളിൽ കൂടി ശുദ്ധജലവിതരണം നടത്തി വരുന്നു.

(ജി) മൂന്നത്തിക്കോട് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പദ്ധതികളിൽ നിന്നും ലഭ്യമായ ജലം ഉപയോഗിച്ച് കടങ്ങോട് പദ്ധതിയിൽപ്പെട്ട സ്ഥലങ്ങളിൽ പൈപ്പ് സ്ഥാപിച്ച് താത്കാലികമായി ശുദ്ധജലവിതരണം നടത്താനാകുമോ എന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രേഖയുടെ വിശദവിവരം അറിഞ്ഞിട്ട് വേണ്ട തീരുമാനം എടുക്കുവാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ മൂന്നത്തിക്കോട് പഞ്ചായത്തിൽ വേൾഡ് ബാങ്ക് പ്രോജക്ട് വന്നതിനാൽ പ്രസ്തുത തീരുമാനങ്ങളിൽ നിന്നും പഞ്ചായത്ത് പിൻമാറി. വടക്കാഞ്ചേരി സ്കീമിൽ താത്കാലിക അടിസ്ഥാനത്തിൽ മൂന്ന് ഷിഫ്റ്റ് പമ്പിംഗ് നടത്തി വരുന്നു.

കുരിയച്ചിറയിൽ ടാപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി

38 (1190) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കുരിയച്ചിറ (തൃശ്ശൂർ ഡിവിഷൻ) പ്രദേശത്ത് ആവശ്യമായ ടാപ്പുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കുരിയച്ചിറ അറവുശാലയുടെ പരിസരത്തുള്ള കിണറുകളിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്ത വിധം രോഗാണുക്കൾ നിറഞ്ഞതിനാൽ ഈ പ്രദേശത്തുള്ളവർക്ക് ശുദ്ധജലം എത്തിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ചിയ്യാരത്തുള്ള വാട്ടർ ടാപ്പിൽ പുതിയ ബൂസ്റ്ററും 50 എച്ച്.പി.യുടെ മോട്ടറും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത് ;

(ഡി) കൂർക്കഞ്ചേരി, കണ്ണംകുളങ്ങര, വടൂക്കര, നെടുപുഴ, കണിമംഗലം, ചിയാരം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടാപ്പുകൾ എവിടെ ഒക്കെ സ്ഥാപിക്കണമെന്നതിനെ സംബന്ധിച്ചുള്ള റെസല്യൂഷനും അതിനാവശ്യമായ ഫണ്ടും തൃശ്ശൂർ കോർപ്പറേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് പുതിയ ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) തൃശ്ശൂർ കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ച് കുരിയച്ചിറ അറവുശാലയുടെ ഭാഗത്ത് പുതിയ ഒരു ടാപ്പ് സ്ഥാപിച്ചിട്ടുണ്ട്.

(സി) ബൂസ്റ്റർ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. മോട്ടോർ സ്ഥാപിക്കാനുള്ള ടെൻഡർ ഉത്തരമേഖല ചീഫ് എൻജിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

(ഡി) എല്ലാ ദിവസവും ഒരു ഷിഫ്റ്റ് പ്രവർത്തിച്ചിരുന്നു. കൂർക്കഞ്ചേരി പമ്പ് ഹൗസിൽ 11/2000 മുതൽ 2 ഷിഫ്റ്റ് പമ്പിംഗും 7-2-2001 മുതൽ 3 ഷിഫ്റ്റ് പമ്പിംഗും നടത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ കൂർക്കഞ്ചേരി കണ്ണംകുളങ്ങര, വടൂക്കര, നെടുപുഴ, കണിമംഗലം, ചിയ്ക്കൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി 11/2000 മുതൽ വാൽവുകൾ ക്രമീകരിച്ച് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നു. ടെൻഡർ ചെയ്തിട്ടുള്ള 50 എച്ച്.പി. പമ്പ് സെറ്റ് സ്ഥാപിക്കുന്ന മുറയ്ക്ക് ഈ പ്രദേശത്തിലെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

കോഴിക്കോട് നഗരത്തിലെ ഡ്രീംസിറ്റി പദ്ധതി

39 (1191) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ഡ്രീംസിറ്റി പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയുടെ കൈയിലുള്ള സ്ഥലം വിനോദസഞ്ചാര വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലം കൈമാറാമെന്ന് വകുപ്പുമന്ത്രി ജനപ്രതിനിധികൾ അടങ്ങുന്ന യോഗത്തിൽ ഉറപ്പു നൽകിയിരുന്നുവോ ;

(സി) ഈ സ്ഥലം വിനോദസഞ്ചാര വകുപ്പിന് കൈമാറിയിട്ടില്ലെങ്കിൽ കൈമാറുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈമാറിയിട്ടില്ല.

(ബി) ഇല്ല.

(സി) ഇക്കാര്യം തീരുമാനിച്ചിട്ടില്ല.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി

40 (1192) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly